# വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലനത്തിന്റെ പുതിയ അധ്യയനവർഷം ആരംഭിച്ചല്ലൊ. വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന ഡിപ്ലോമ പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന സംഗമമായ എലൈവും എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന ശില്പശാലയായ എൻലൈറ്റും 2023 ജൂലൈ മാസം 09-ാം തീയതി മുതൽ ആരംഭിക്കുന്നു. ഓരോ ഫൊറോനയിലും നടത്തപ്പെടേണ്ട തീയതികൾ കാറ്റിക്കിസം ഫൊറോനാ കൗൺസിലിനെ നേരത്തെ അറിയിച്ചിട്ടുള്ളതാണ്.

1. **എലൈവ് & എൻലൈറ്റ് പരിപാടികൾ:** (2023 ജൂലൈ, ആഗസ്റ്റ്)

| | |
|---|---|
| ജൂലൈ 09 ഞായർ | : എലൈവ് - മൂക്കന്നൂർ ഫൊറോന |
| ജൂലൈ 16 ഞായർ | : എലൈവ് - വൈക്കം ഫൊറോന |
| ജൂലൈ 23 ഞായർ | : എൻലൈറ്റ് - എറണാകുളം ഫൊറോന |
| ജൂലൈ 30 ഞായർ | : എലൈവ് - ചേർത്തല ഫൊറോന |
| ജൂലൈ 30 ഞായർ | : എൻലൈറ്റ് - പള്ളിപ്പുറം ഫൊറോന |
| ജൂലൈ 30 ഞായർ | : എൻലൈറ്റ് - കിഴക്കമ്പലം ഫൊറോന |
| ആഗസ്റ്റ് 06 ഞായർ | : എലൈവ് - അങ്കമാലി ഫൊറോന |
| ആഗസ്റ്റ് 12 ശനി | : എൻലൈറ്റ് - മഞ്ഞപ്ര ഫൊറോന |
| ആഗസ്റ്റ് 13 ഞായർ | : എലൈവ് - മൂഴിക്കുളം ഫൊറോന |

2. **ദുക്റാന മാർഗ്ഗം ക്വിസ് (ഓൺലൈൻ)** 2023 ജൂലൈ 03 തിങ്കൾ: വിഷയം: അതിരൂപത ഹൈരാർക്കി സ്ഥാപനം.

3. **Catechism Teachers' Orientation Programme (CTOP):** വിശ്വാസപരിശീലനരംഗത്ത് ശുശ്രൂഷ ചെയ്യുന്ന അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കുംവേണ്ടി സംഘടിപ്പിക്കുന്നതാണ് CTOP. അതത് ക്ലാസ്സിലെ പാഠപുസ്തകത്തെ പരിചയപ്പെടുത്തുന്നതിനും പഠിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ക്രിയാത്മകമായ ആക്റ്റിവിറ്റികളും മറ്റും നൽകുവാനും CTOP കൊണ്ട് ഉദ്ദേശിക്കുന്നു.

പത്താം ക്ലാസ്സിൽ കാറ്റിക്കിസം പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്കുവേണ്ടി ജൂലൈ മാസം 08-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ കലൂർ റിന്യൂവൽ സെന്ററിൽ

Catechism Teachers' Orientation Programme (CTOP) നടത്തുന്നു. പത്താം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകരെ ഇതിൽ പങ്കെടുക്കുവാൻ പറഞ്ഞുവിടുമല്ലോ. രജിസ്റ്റർ ചെയ്തിട്ടുള്ളവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

ഇതുപോലെ തന്നെ മറ്റു ക്ലാസ്സുകാർക്കുമുള്ള Orientation Programme ന്റെ തീയതികളും താഴെ ചേർക്കുന്നു (വചനദീപത്തിലും കാറ്റിക്കിസം കലണ്ടറിലും നൽകിയിട്ടുണ്ട്). അതത് തീയതികളിൽ ടീച്ചേഴ്സിനെ പറഞ്ഞുവിടുവാൻ ശ്രദ്ധിക്കുമല്ലോ.

1. Class X - 08/07/2023 (Saturday)
2. Class VIII - 17/07/2023 (Monday)
3. Class VII - 28/07/2023 (Friday)
4. Class VI - 28/08/2023 (Monday)
5. Class V - 02/10/2023 (Monday)

4. **റസിഡൻഷ്യൽ കോഴ്സ്:** എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലന ക്ലാസ്സിൽ വരുവാൻ ആഗ്രഹിച്ചിട്ടും അതിനു സാധിക്കാത്തവർക്കുവേണ്ടി മാത്രം അതിരൂപതാ കേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്.

a) 2023-2024 അധ്യയനവർഷത്തിലെ തീയതികൾ:

ഒന്നാം വർഷ ഡിപ്ലോമ:

1st Session - 2023 സെപ്റ്റംബർ 30, ഒക്ടോബർ 01, 02 (സെപ്റ്റംബർ 30-ന് രാവിലെ 9.00 മണിക്ക് എത്തിച്ചേരുന്നു).

2nd Session - 2024 ഏപ്രിൽ 14, 15

രണ്ടാം വർഷ ഡിപ്ലോമ:

1st Session - 2023 ഒക്ടോബർ 22, 23, 24 (ഒക്ടോബർ 22-ന് രാവിലെ 9.00 മണിക്ക് എത്തിച്ചേരുന്നു).

2nd Session - 2023 മെയ് 03, 04

b) ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ 2023 ആഗസ്റ്റ് 1 മുതൽ 10 വരെ തീയതികളിൽ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്നുപേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷൻ ഫോമിനുംവേണ്ടി Website: www.catechism

ernakulam.com ൽ Diploma Residential Course എന്ന Menu വിൽ ക്ലിക്ക് ചെയ്യുക; Search ചെയ്യുക. (*വചനദീപം*, പേജ് 49-50 കാണുക)

5. സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനം ജൂൺ 10 ശനിയാഴ്ച: എറണാകുളം-അങ്കമാലി മേജർ അതിരൂപതയിൽ സന്മാർഗ്ഗപഠന വർഷം ജസ്റ്റിസ് കെ. എബ്രാഹം മാത്യു ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് റവ. ഡോ. വർഗ്ഗീസ് പൊട്ടയ്ക്കൽ സന്മാർഗ്ഗപഠന വർഷം ഉദ്ഘാടന സമ്മേളത്തിൽ അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് എഡ്യൂക്കേഷൻ മാനേജർ റവ. ഫാ. തോമസ് നങ്ങേലിമാലിൽ, ശ്രീമതി അഞ്ജു സെബാസ്റ്റ്യൻ, കുമാരി ആൽഫിയ ജോണി എന്നിവർ സംസാരിച്ചു.

സന്മാർഗ്ഗികപഠനത്തിലൂടെ സ്വഭാവരൂപീകരണത്തിനു പ്രാധാന്യം നൽകികൊണ്ട് ഉത്തമപൗരന്മാരെ വാർത്തെടുക്കുന്നതിനു വിദ്യാലയാധികൃതർ ശ്രദ്ധപതിപ്പിക്കണമെന്നു സന്മാർഗ്ഗപഠനം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ പ്രധാനാധ്യാപകർക്കും ആനിമേറ്റേഴ്സിനും വേണ്ടി നടത്തിയ യോഗത്തിൽ അഭിപ്രായപ്പെട്ടു. തുടർന്നു ഡോ. സിസ്റ്റർ മോളിക്കുട്ടി തോമസ് (സി. തെരേസ്), ശ്രീ. ബാബു ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

2022-23 വർഷത്തിൽ നാലാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തിയ വാർഷിക പരീക്ഷയിൽ എ പ്ലസ് കരസ്ഥമാക്കിയ 241 കുട്ടികളെയും യോഗത്തിൽ അവാർഡും ട്രോഫിയും നൽകി ആദരിച്ചു. കൂടാതെ കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെ നേതൃത്വത്തിൽ V, VII, X ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ എറണാകുളം-അങ്കമാലി മേജർ അതിരൂപതയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽനിന്നും സ്കോളർഷിപ്പ് കരസ്ഥമാക്കിയ 05 കുട്ടികളെയും ആദരിച്ചു. ഏകദേശം 750 പേർ ഈ യോഗത്തിൽ പങ്കെടുത്തു. അതിരൂപത സന്മാർഗ്ഗ പഠനവിഭാഗം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴയും കേന്ദ്രഓഫീസ് ടീമും സന്മാർഗ്ഗബോധനം പ്രവേശനോത്സവത്തിനു നേതൃത്വം വഹിച്ചു.

6. നന്ദി: അതിരൂപതാ വിശ്വാസപരിശീലനവിഭാഗത്തിന്റെ കറുകുറ്റി ഫൊറോന ഡയറക്ടർറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ക്രിസ്റ്റി മഠത്തിൽ അച്ചന് നന്ദിയും കടപ്പാടും പ്രാർത്ഥനാശംസകളും.

7. സ്വാഗതം: അതിരൂപതാ വിശ്വാസപരിശീലനവിഭാഗത്തിന്റെ ഫൊറോനാ ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാർ: ഫാ. ഡെന്നി (മാത്യു) കാട്ടയിൽ (അങ്കമാലി), ഫാ. ജോസഫ് (വിനു) കുന്നേൽ (എറണാകുളം), ഫാ. ഡോ. വർഗ്ഗീസ് പൂതവേലിത്തറ (കറുകുറ്റി), ഫാ. പോൾ (സ്റ്റെനി) കുന്നേക്കാടൻ (മൂഴിക്കുളം), ഫാ. പോൾ മേലേടത്ത് (പറവൂർ) എന്നിവർക്ക് സ്വാഗതവും പ്രാർത്ഥനാശംസകളും.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**